"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ് 19 - ടി പി ആർ 20 ശതമാനത്തിൽ താഴെ ആയിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാരായി നിയോഗിതരായിട്ടുള്ള ഉദ്യോഗസ്ഥരെ പ്രസ്തുത ചുമതലയിൽ നിന്ന് ഒഴിവാക്കി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.1180/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 21/06/2021

പരാമർശം:- 1 28.04.2021-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിലെ തീരുമാനങ്ങൾ

2 29.04.2021-ലെ സ.ഉ.(സാധാ.)932/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3 15.06.2021-ലെ കോവിഡ് വാർ റൂം ഓൺലൈൻ യോഗ തീരുമാനങ്ങൾ.

**ഉത്തരവ്**

കോവിഡ് 19 ന്റെ അതിതീവ്ര വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം നേരിടുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് കോവിഡ് 19 നെ പ്രതിരോധിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി യോഗ്യരായ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിക്കുന്നതിനും സംസ്ഥാന തലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഒരു വാർ റൂം രൂപീകരിക്കുന്നതിനും പരാമർശം 1 പ്രകാരം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2) കോവിഡ് 19 ന്റെ രണ്ടാം വ്യാപനം തടയുന്നതിൽ വളരെ നിർണായകമായ പങ്ക് നോഡൽ ഓഫീസർമാർ ഇതിനോടകം നിർവഹിച്ചിട്ടുണ്ട്. ഇപ്പോൾ കോവിഡിന്റെ രണ്ടാം വ്യാപന തീവ്രത കുറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ, ബഹു. മുഖ്യമന്ത്രിയുടെ കോവിഡ് അവലോകന യോഗത്തിന്റെ നിർദേശാനുസരണം പരാമർശം 3 ലെ യോഗം ഇക്കാര്യം വിലയിരുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടി പി ആർ 20 ശതമാനത്തിൽ താഴെ ആയിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാരായി നിയോഗിതരായിട്ടുള്ള ഉദ്യോഗസ്ഥരെ പ്രസ്തുത ചുമതലയിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബന്ധപ്പെട്ട പഞ്ചായത്തുകളുടെ പട്ടിക ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്